പതിനാലാം കേരള നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2153 — 04.11.2019 ൽ മറുപടിക്ക്

## കുടുംബാരോഗ്യകേന്ദ്രങ്ങളായി ഉയർത്തിയ ആശുപത്രികളിലെ ഫാർമസിസ്റ്റ് തസ്തിക

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.സി.കെ. ഹരീന്ദ്രൻ | | കെ.കെ. ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പമന്ത്രി) | |
| (എ) | ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി കുടുംബാരോഗ്യകേന്ദ്രങ്ങളായി ഉയർത്തിയ ആശുപത്രികളിൽ ഫാർമസിസ്റ്റ് തസ്തിക സൃഷ്ടിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | ആർദ്രം പദ്ധതിയുടെ ഭാഗമായി ഒന്നാം ഘട്ടത്തിൽ തെരഞ്ഞെടുക്കപ്പെട്ട 170 കുടുംബാരോഗ്യകേന്ദ്രങ്ങളിൽ നിന്നും ഫാർമസിസ്റ്റിന്റെ ആവശ്യമുണ്ടായിരുന്ന 150 കുടുംബാരോഗ്യകേന്ദ്രങ്ങളിലായി 150 ഫാർമസിസ്റ്റിന്റെ തസ്തിക സൃഷ്ടിച്ചിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്ത് നിലവിൽ ഫാർമസിസ്റ്റ് തസ്തികയിൽ എത്ര ഒഴിവുകൾ ഉണ്ട്: ഇതിൽ നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; പ്രസ്തുത തസ്തികയിലേക്ക് പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ; വിശദാംശങ്ങൾ ജില്ല തിരിച്ച് ലഭ്യമാക്കാമോ; | (ബി) | ഒഴിവ് ജില്ല തിരിച്ച് വിശദമാക്കുന്നു. (പട്ടിക താഴെ) ഫാർമസിസ്റ്റ് ഗ്രേഡ് I-ന്റെ ഒഴിവുകൾ സ്ഥാനക്കയറ്റം വഴി നികത്തുന്നതിനുള്ള നടപടി സ്വീകരിച്ചുണ്ട്.ഗ്രേഡ് II-ന്റെ ഒഴിവുകൾ എല്ലാം |

| ജില്ല | ഗ്രേഡ് I ഒഴിവ് | ഗ്രേഡ് II ഒഴിവ് |
|---|---|---|
| തിരുവനന്തപുരം | 9 | 5 |
| കൊല്ലം | 2 | 0 |
| പത്തനംതിട്ട | 0 | 6 |
| ആലപ്പുഴ | 1 | 5 |
| ഇടുക്കി | 7 | 3 |
| കോട്ടയം | 0 | 2 |
| എറണാകുളം | 3 | 0 |
| തൃശ്ശൂർ | 2 | 8 |
| പാലക്കാട് | 4 | 0 |
| മലപ്പുറം | 12 | 6 |
| കോഴിക്കോട് | 0 | 5 |
| വയനാട് | 8 | 0 |
| കണ്ണൂർ | 10 | 3 |
| കാസർകോഡ് | 5 | 6 |
| **ആകെ** | **63** | **49** |

| | | | |
|---|---|---|---|
| | | | പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.എല്ലാ ജില്ലകളിലും പി.എസ്.സി റാങ്ക് ലിസ്റ്റ് നിലവിലുണ്ട്. |
| (സി) | ഫാർമസിസ്റ്റുകൾ ആശുപത്രി സ്റ്റോർ കസ്റ്റോഡിയൻ ആയതുകൊണ്ട് സ്റ്റോർ ഡ്യൂട്ടിക്ക് പ്രത്യേക സമയം അനുവദിച്ചിട്ടുണ്ടോ; ആ സമയത്ത് മരുന്ന് നൽകുന്നതിന് പകരം സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | ഫാർമസിസ്റ്റുകൾ ആശുപത്രി സ്റ്റോർ കസ്റ്റോഡിയൻ ആതിനാൽ സ്റ്റോർ ഡ്യൂട്ടിയ്ക്ക് പ്രത്യേക സമയം അനുവദിച്ചിട്ടില്ല. ആ സമയത്ത് മരുന്ന് നൽകുന്നതിന് പകരം സംവിധാനം ഏർപ്പെടുത്തിയിട്ടില്ല.മരുന്ന് നൽകുന്നതും സ്റ്റോർ ചുമതല നിർവഹിക്കുന്നതും അതത് തസ്തികയിലുള്ള ഫാർമസിസ്റ്റുകളുടെ ചുമതലയിൽ ഉൾപ്പെട്ടിട്ടുള്ളതാണ്. |
| (ഡി) | ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി കുടുംബാരോഗ്യകേന്ദ്രങ്ങളായി ഉയർത്തിയ ആശുപത്രികളിൽ ഫാർമസിസ്റ്റുമാരുടെ ഡ്യൂട്ടി സമയം എത്ര മണിക്കൂറാണ്; ഇവർക്ക് ഉച്ച ഭക്ഷണത്തിന് പ്രത്യേക സമയക്രമം നിശ്ചയിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ഡി) | ഒരു ഫാർമസിസ്റ്റ് മാത്രം ഉള്ള കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ രാവിലെ 9 മണി മുതൽ വൈകുന്നേരം 5 മണിവരെയും.2 ഫാർമസിസ്റ്റുമാരുള്ള കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ ഒരാൾക്ക് രാവിലെ 9 മണി മുതൽ വൈകുന്നേരം 5 മണിവരെയും മറ്റ് ഒരാൾക്ക് രാവിലെ 10 മണി മുതൽ വൈകുന്നേരം 6 മണി വരെയും മാറി മാറി ജോലി നോക്കുന്ന തരത്തിലാണ് ഫാർമസിസ്റ്റുമാരുടെ ജോലി സമയം ക്രമീകരിച്ചിരിക്കുന്നത്.ഇവർക്ക് ഉച്ച ഭക്ഷണത്തിന് പ്രത്യേക സമയം ക്രമീകരിച്ചിട്ടില്ല. |

Hari

സെക്ഷൻ ഓഫീസർ